# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2170 — 05/12/2018-ൽ മറുപടിക്ക്

## വിവിധ രോഗങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | വൃക്ക, കരൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ ഉടങ്ങിയവ കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ എന്തെങ്കിലും തരത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളെക്കുറിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് 12000 ജനങ്ങളിൽ ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിൽ കേരളത്തിൽ മൂന്നിൽ ഒരാൾക്ക് രക്താദിമർദ്ദവും അഞ്ചിൽ ഒരാൾക്ക് പ്രമേഹവും ഉണ്ടെന്ന വെളിപ്പെടുത്തൽ നടത്തുകയുണ്ടായി. വൃക്ക, കരൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ എന്നിവയെക്കുറിച്ച് വിവിധ ഏജൻസികൾ ചെറുപഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ആധികാരികമായ പഠനറിപ്പോർട്ടുകൾ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. |
| ബി) | കേരളത്തിൽ വർദ്ധിച്ച വരുന്ന വിവിധ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) | സംസ്ഥാനത്ത് നിലവിലുള്ള ജീവിതശൈലീ രോഗങ്ങളെ കുറിച്ചും ഈ രോഗങ്ങളിലേക്ക് നയിക്കുന്ന റിസ്ക് ഫാക്ടേഴ്സിനെക്കുറിച്ചും ആധികാരികമായ ഒരു രേഖ തയ്യാറാക്കുന്നതിനുള്ള ബൃഹത് പദ്ധതി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് ആരോഗ്യ വകുപ്പിലെ ജീവനക്കാരിലൂടെ ഇ-ഹെൽത്ത് |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ സാങ്കേതിക സഹായത്തോടെ ആണ് കിരൺ എന്ന പേരിൽ ഈ പഠനം നടത്തുന്നത്. ഇതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്ലബ്ബുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അർബുദ ബോധവത്ക്കരണ ക്ലാസ്സുകൾ, അർബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ (Early Cancer Detection Camp) ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതു ജനങ്ങൾക്കായി നടത്തി വരുന്നുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു പ്രദേശത്തെ എല്ലാ ജനങ്ങളുടേയും ജിവിതശൈലി രോഗ നിർണ്ണയം നടത്തി പ്രാദേശികമായി ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഇത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ